പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 28.10.2019-ൽ

മറുപടിക്ക്

നമ്പർ.61

## കേരള വാട്ടർ അതോറിറ്റി എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

ചോദ്യം

ശ്രീ. കെ.എം. ഷാജി

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 03.07.2019-ന് നടന്ന കേരള വാട്ടർ അതോറിറ്റി എൽ. ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി 084/2018) പരീക്ഷയ്ക്കായി എത്ര പേർ കൺഫർമേഷൻ നൽകി എന്നും അതിൽ എത്ര പേർ പരീക്ഷ എഴുതിയെന്നും വ്യക്തമാക്കുമോ; | (എ) | 10,593 (പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ നൽകിയിട്ടുണ്ട്. അതിൽ 5182 (അയ്യായിരത്തി ഒരുന്നൂറ്റി എൺപത്തി രണ്ട്) ഉദ്യോഗാർത്ഥികൾ ടി പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ട്. |
| (ബി) | ഇത് പ്രകാരമുള്ള ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അതിൽ എത്ര പേരെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. ഒ.എം.ആർ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ 100 പേരെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തി അതിന് ആനുപാതികമായി സപ്ലിമെന്ററിലിസ്റ്റും തയ്യാറാക്കാനാണ് പി.എസ്.സി. തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഈ തസ്തികയിലേയ്ക്കിനാളിതുവരെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ടി തസ്തികയ്ക്ക് 5 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ